# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 02.05.2026**

## പ്രധാനവാർത്തകൾ

1. കേരളം ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും നിയമസഭയിലേക്കുള്ള ജനവിധി മറ്റെന്നാൾ അറിയാം ; വോട്ടെണ്ണൽ രാവിലെ എട്ട് മുതൽ.

2. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കൊയിലാണ്ടി സ്ട്രോങ് റൂം വിഷയത്തിൽ ചട്ടലംഘനമില്ലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ; വോട്ടെണ്ണൽ ദിനത്തിൽ ജില്ലയിൽ നിരോധനാജ്ഞ.

3. പശ്ചിമബംഗാളിൽ വോട്ടെടുപ്പിൽ പരാതി ഉയർന്ന 15 മണ്ഡലങ്ങളിൽ റീ പോളിംഗ് പൂർത്തിയായി.

4. ഈ വർഷത്തെ മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് യു ജി നാളെ സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ നടക്കും.

5. സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യത; ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും .

RNU TVPM

## വോട്ടെണ്ണൽ- കേരളം

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന സംസ്ഥാനങ്ങളിലെ ജനവിധി അറിയാൻ ഇനി രണ്ടു നാൾ. കേരളം, പശ്ചിമബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ വോട്ടെണ്ണൽ മറ്റെന്നാൾ നടക്കും. തിങ്കളാഴ്ച രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ശരശരരശരശരര

## വോട്ടെണ്ണൽ ഒരുക്കങ്ങൾ (ഇൻട്രോ)

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.........**

(വോയ്സ്)

ശരശരരശരശരര

## കൊല്ലം-വോട്ടെണ്ണൽ

കൊല്ലം ജില്ലയിൽ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്., ക്രിസ്തുരാജ് ഹയർ സെക്കൻഡറി സ്കൂൾ എന്നീ കേന്ദ്രങ്ങളിലായി 11 നിയോജക മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ ആരംഭിക്കും. ആകെ 1125 പേരെയാണ് വോട്ടെണ്ണൽ ജോലികൾക്കായി ജില്ലയിൽ നിയോഗിച്ചിട്ടുള്ളത്.

ശരശരരശരശരര

RNUTVPM

## പത്തനംതിട്ട വോട്ടെണ്ണൽ ഒരുക്കം

പത്തനംതിട്ട ജില്ലയിൽ നിയമസഭ തിരഞ്ഞെടുപ്പ് വോട്ടെണ്ണൽ ഒരുക്കം പൂർത്തിയായതായി ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ എസ്. വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ജില്ലയിൽ മൂന്ന് വോട്ടെണ്ണൽ കേന്ദ്രങ്ങളുണ്ട്. കോഴഞ്ചേരി സെന്റ് തോമസ് കോളജ്, ചെന്നീർക്കര കേന്ദ്രീയ വിദ്യാലയം, മലയാലപ്പുഴ മുസലിയാർ കോളജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നിവയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ.

ശരശരശരശരശര

## വോട്ടെണ്ണൽ-എറണാകുളം അവധി

എറണാകുളം ജില്ലയിലെ വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. കളമശ്ശേരി കുസാറ്റ്, ആലുവ യു.സി. കോളേജ്, കോതമംഗലം എം.എ. കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് വോട്ടെണ്ണൽ നടപടികൾ സുഗമമായി നടത്തുന്നതിന് അവധി നൽകിയിരിക്കുന്നത്.

RNUTVPM

ശരശരശരശരശര

## വോട്ടെണ്ണൽ- കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര, കൊയിലാണ്ടി സ്ട്രോങ് റൂം വിഷയത്തിൽ ചട്ടലംഘനമില്ലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചതായി ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ് അറിയിച്ചു. പേരാമ്പ്ര, കൊയിലാണ്ടി വരണാധികാരികൾക്ക് അപാകത സംഭവി ച്ചില്ല. കൊയിലാണ്ടി വരണാധികാരി സ്ട്രോങ് റൂമിനടുത്ത് പോയത് പതിവ് പരിശോധനക്കാണെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം വോട്ടെണ്ണൽ ദിവസം ജില്ലയിൽ നിരോധനാജ്ഞ

ഏർപ്പെടുത്തുമെന്ന് കളക്ടർ  പറഞ്ഞു. ആഹ്ളാദ പ്രകടനങ്ങൾക്ക് നിയന്ത്രണം എർപ്പെടുത്തും.

## കാസർഗോഡ്-വോട്ടെണ്ണൽ(ഇൻട്രോ)

കാസർഗോഡ് ജില്ലയിൽ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ  അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി  ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ**

(ഹോൾഡ്-വോയ്സ്)

RNU TVPM

## തമിഴ്നാട്-  വോട്ടെണ്ണൽ

തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ഒരുക്കങ്ങൾ ഊർജിതമായി പുരോഗമിക്കുന്നു . സംസ്ഥാനത്ത് 62 കേന്ദ്രങ്ങളാണ് വോട്ടെണ്ണലിനായി സജ്ജീകരിച്ചിരിക്കുന്നത് .

## റീ പോളിംഗ്

വോട്ടെടുപ്പിൽ ക്രമക്കേടെന്ന് പരാതി ഉയർന്ന, പശ്ചിമ ബംഗാളിലെ 15 ബൂത്തുകളിൽ റീപോളിംഗ് നടന്നു.  മൂന്ന് മണി വരെ 72.43 **ശതമാനം** പോളിംഗ് രേഖപ്പെടുത്തി. വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു.  സൗത്ത് 24 പർഗാനാസ് ജില്ലയിലുള്ള മഗ്രാഹട്ട് പശ്ചിമിലെ 11 ബൂത്തുകളിലും ഡയമണ്ട് ഹാർബറിലെ നാല് ബൂത്തുകളിലുമാണ് റീപോളിംഗ് നടന്നത്.

---

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

---

## പ്രസാർ ഭാരതി ചെയർമാൻ

പ്രസാർ ഭാരതി ചെയർമാനായി പ്രസൂൺ ജോഷിയെ നിയമിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. പരസ്യം, സാഹിത്യം, കല, സിനിമ എന്നീ മേഖലകളിലൂടെ ലോകപ്രശസ്തനാണ് ശ്രീ ജോഷിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മുംബൈയിലെ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ അധ്യക്ഷനായും ശ്രീ ജോഷി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

---

## നീറ്റ് പരീക്ഷ

മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക്

പ്രവേശനത്തിനായുള്ള നീറ്റ് യു.ജി പരീക്ഷ നാളെ സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കുന്ന പരീക്ഷ വൈകിട്ട് അഞ്ചിന് അവസാനിക്കും. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും രാവിലെ 11 മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. അഡ്മിറ്റ് കാർഡുകൾക്കൊപ്പം, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ

RJU TVPM

കൈവശം വയ്ക്കണം. പരീക്ഷാർത്ഥികളുടെ ബയോമെട്രിക് ഹാജർ രേഖപ്പെടുത്തും.

ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്

## കേരളം- കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മഴയ്ക്കൊപ്പം ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അറിയിപ്പുണ്ട്.

RNU TVPM

ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്

## എലിപ്പനി- ജാഗ്രത

കോട്ടയം ജില്ലയിലെ ചില പ്രദേശങ്ങളിൽ ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ എൻ. പ്രിയ അറിയിച്ചു.

വീടിന്റെ പരിസരങ്ങളിലും റബ്ബർ തോട്ടങ്ങളിലും വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം.

കൊതുക് ഉണ്ടാവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്

## കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ്

മെയ് മാസത്തിൽ അനുഭവപ്പെടുന്ന കടുത്ത ചൂടിനെക്കുറിച്ച് പരിഭ്രാന്തരാകേണ്ട ആവശ്യമില്ലെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്

. ചൂടുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാൻ സർക്കാർ പൂർണ്ണമായും തയ്യാറാണെന്നും സംസ്ഥാന, ജില്ലാ തലങ്ങളിൽ ശ്രമങ്ങൾക്ക് ഏകോപിപ്പിച്ചു നടപ്പാക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി .ശരീരത്തിൽ ജലാംശം നിലനിർത്താനും, ദീർഘനേരം കഠിനമായ വെയിൽ കൊള്ളുന്നത് ഒഴിവാക്കാനും , അദ്ദേഹം പൊതുജനങ്ങളോട് നിർദേശിച്ചു .

---

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും . ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ, രാത്രി 7.30 നാണ് മത്സരം.

---

## പോലീസ് മേധാവി

ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിനാണ് പോലീസ് ഏറ്റവും മുൻഗണന നൽകേണ്ടതെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്ര ശേഖർ. കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 32 എ ബാച്ചിലെ 60 സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. പുതിയകാലത്തെ പോലീസിങ്ങിനു കായികക്ഷമതയോടൊപ്പം സാങ്കേതിക സൈബർ രംഗങ്ങളിൽ പ്രാവീണ്യവും ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

---

RNU TVPM

## മനുഷ്യാവകാശ കമ്മീഷൻ

വി.ഐ.പി. ഡ്യൂട്ടിക്കായി നിയോഗിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് സമ്മർദ്ദരഹിതമായി ജോലി ചെയ്യാൻ സർക്കാർ മാർഗനിർദ്ദേശമിറക്കണമെന്ന് സംസ്ഥാന

മനുഷ്യാവകാശ കമ്മീഷൻ. പോലീസ് സ്പെഷ്യൽ ബ്രാഞ്ച് മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ച ശുപാർശകൾ ഉൾപ്പെടുത്തി മാർഗനിർദ്ദേശം പുറത്തിറക്കണമെന്ന് പൊതുഭരണ വകുപ്പിനും ആരോഗ്യവകുപ്പിനും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശം നൽകി. ഓഫീസർമാർ അനുഭവിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് .ജി.എം.ഒ.എ. സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

RNU TVPM

## സ്വതന്ത്ര ചലച്ചിത്ര മേള

എട്ടാമത് സ്വതന്ത്ര ചലച്ചിത്ര മേള മെയ് 6 മുതൽ 10 വരെ കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. മത്സരവിഭാഗത്തിൽ ബയോസ്കോപ്പ് അവാർഡിനായി മലയാളത്തിൽ നിന്ന് മൂന്ന് ചിത്രങ്ങൾ ഉൾപ്പെടെ 9 ചിത്രങ്ങൾ മത്സരിക്കും. ഒരു ലക്ഷം രൂപയും ഫലകവുമാണ് അവാർഡ്.

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

മലപ്പുറം പാങ്ങ് ഗവ: യു.പി സ്കൂളിലെ അധ്യാപകരും ജീവനക്കാരും അവരുടെ ചില കുടുംബാംഗങ്ങളും സഞ്ചരിച്ചിരുന്ന വാഹനം മറിഞ്ഞ് അപകടം സംഭവിച്ച വാൽപ്പാറ ദുരന്തത്തിൽ സഹായധനം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മരണമടഞ്ഞ ഇൻഷുറൻസ്

പരിരക്ഷയില്ലാത്ത അഞ്ച് പേരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ നൽകും. പന്ത്രണ്ടാം ശമ്പള കമ്മീഷൻ്റെ സുഗമമായ പ്രവർത്തനത്തിനായി 14 അധിക തസ്തികൾ സൃഷ്ടിച്ച് പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കാനും മന്ത്രിസഭ തീരുമാനമായി.

---

## കണ്ണൂർ-വിമാനസർവ്വീസ്

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ദോഹ, ദുബായ് എന്നിവിടങ്ങളിലേക്കുള്ള സർവീസ് പുനരാരംഭിച്ചു. ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ ദോഹയിലേക്കും, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ ദുബായിലേക്കും, വ്യാഴം ശനി ദിവസങ്ങളിൽ ബഹറിനിലേക്കും സർവീസ് ഉണ്ടാകും.

RNU TVPM

---

## ഓം ബിർള - പാർലമെന്റ് കമ്മിറ്റി

2026-27 വർഷത്തേക്കുള്ള നാല് പാർലമെന്ററി സമിതികളെ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി കെ.സി. വേണുഗോപാലിനെ നിയമിച്ചു. 15 ലോക്സഭാ അംഗങ്ങളും 7 രാജ്യസഭാ അംഗങ്ങളും ഉൾപ്പെടുന്നതാണ് ഈ സമിതി. ലോക്സഭയിലെ 30 അംഗങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അധ്യക്ഷനായി ബിജെപി എംപി സഞ്ജയ് ജയ്സ്വാളിനെ നിയമിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി ബൈജയന്ത് പാണ്ഡയെ തിരഞ്ഞെടുത്തു. അടുത്ത വർഷം ഏപ്രിൽ 30 വരെയാണ് സമിതികളുടെ കാലാവധി.

---

## പശ്ചിമേഷ്യ

പശ്ചിമേഷ്യൻ പ്രതിസന്ധികൾക്കിടയിലും രാജ്യത്തെ പാചകവാതക വിതരണം സാധാരണ നിലയിൽ തുടരുന്നതായും ഗാർഹിക ഉപഭോക്താക്കൾക്ക് 100 ശതമാനം എൽപിജി സിലിണ്ടറുകളുടെ വിതരണം ഉറപ്പാക്കുന്നുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠
✠✠✠✠✠✠✠✠
✠✠✠✠
✠

RNU TVPM